# അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട്

സമൂഹത്തിൽ ദുരന്ത പ്രതിരോധ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നടപ്പിലാക്കുന്ന സജ്ജം പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണ ദിനത്തിൻറെ ജില്ലാതല ഉദ്ഘാടനവും പരിശീലന പരിപാടികളും കട്ടപ്പന ഗവൺമെൻറ് ട്രൈബൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ ശ്രീമതി ഷീബ ജോർജ് IAS പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു.

പരിപാടിയുടെ ഭാഗമായി ജില്ലയിലുട നീളം താലൂക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ പരിശീല പരിപാടികളും സംഘടിപ്പിച്ചു. കട്ടപ്പന ഗവൺമെൻറ് ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ കട്ടപ്പന DYSP വി എ നിഷാദ്മോൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സുരേഷ് വർഗീസ് എസ്, വിദ്യാഭ്യാസ ഉപഡയറക്ടർ ബിന്ദു കെ, ഇടുക്കി തഹസീൽദാർ ജെയ്ഷ് ചെറിയാൻ, കട്ടപ്പന മുനിസിപ്പൽ സെക്രട്ടറി പ്രകാശ് കുമാർ വി, ഗവൺമെൻറ് സ്കൂൾ പ്രിസിപ്പാൾ ഇൻ ചാർജ് സൂസൻ ഫിലിപ്പ്, കട്ടപ്പന ഗവൺമെൻറ് ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ് മാസ്റ്റർ രാജി എം, പി.ടി.എ പ്രസിഡണ്ട് ജേക്കബ് ജോസ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജൂനിയർ സൂപ്രണ്ട് കെ കെ വിജയൻ, ഹസാർഡ് അനലിസ്റ്റ് രാജീവ് ടി ആർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. നാന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്ത പരിശീലന പരിപാടിയിൽ നോട്ട് പാടുകൾ, പേന, ബ്രോഷറുകൾ മുതലായവ വിതരണം ചെയ്തു.





ദേവികുളം താലൂക്കിൽ അടിമാലിയിൽ വച്ച് നടത്തിയ ബോധവൽക്കരണ/പരിശീലന പരിപാടിയിൽ ജല സുരക്ഷ/അഗ്നി സുരക്ഷ, വ്യത്യസ്ത ദുരന്തങ്ങളെക്കുറിച്ചുള്ള പൊതു അവബോധം , ദുരന്ത സാധ്യത മുന്നറിയിപ്പുകൾ, മറ്റ് ദുരന്ത ലഘൂകരണ സാധ്യതകൾ എന്നീ വിഷയങ്ങളിൽ ശ്രീ പ്രദോഷ് കെ. ടി.(ഫയർ ഓഫീസർ, അടിമാലി), ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം, പ്രഥമശുശ്രൂഷ എന്നീ വിഷയങ്ങളിൽ ശ്രീ പത്മരാജ് ( ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , FHC ദേവിയാർ കോളനി), ശ്രീ അരുൺ ( ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , കൊന്നത്തടി ) എന്നിവർ ബോധവൽക്കരണ ക്ലാസ്സുകൾ എടുത്തിട്ടുള്ളതാണ്. മൂന്നാർ GHS വച്ച് നടത്തിയ ബോധവൽക്കരണ/പരിശീലന പരിപാടിയിൽ ജല സുരക്ഷ/അഗ്നി സുരക്ഷ, വ്യത്യസ്ത ദുരന്തങ്ങളെക്കുറിച്ചുള്ള പൊതു അവബോധം ദുരന്ത സാധ്യത മുന്നറിയിപ്പുകൾ, മറ്റ് ദുരന്ത ലഘൂകരണ സാധ്യതകൾ എന്നീ വിഷയങ്ങളിൽ ശ്രീ വി. കെ. ബിജു (സ്റ്റേഷൻ ഓഫീസർ, മൂന്നാർ), ശ്രീ ശ്രീജിത്ത് ( ഫയർ & റെസ്ക്യൂ ഓഫീസർ, മൂന്നാർ ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം, പ്രഥമശുശ്രൂഷ എന്നീ വിഷയങ്ങളിൽ ശ്രീ രതീഷ് (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , CHC ദേവികുളം), എന്നിവർ ക്ലാസ്സ്കൾ നയിച്ചു.






അന്താരാഷ്ട്ര ദുരന്തലഘൂകരണ ദിനാചരണ ദിനമായ 13.10.2022 തീയതിയിൽ തൊടുപുഴ താലൂക്കിലെ ഗവ. വൊക്കേഷണൽ എച്ച് എസ് എസ്, ഡോ.എ.പി.ജെ. അബ്ദുൾ ജി.എച്ച്.എസ് എസ് എന്നീ സ്കൂളുകളിൽ ബോധവൽകരണ പരിശീലന പരിപാടികൾ നടത്തിയിട്ടുള്ളതാണ്.13.10.2022 രാവിലെ മണിക്ക് ഗവ. വൊക്കേഷണൽ എച്ച്.എസ്.എസിൽ നടന്ന പരിപാടിയിൽ ശ്രീ കെ.എച്ച് സക്കീർ തഹസിൽദാർ ( എൽ.ആർ ഉദ്ഘാടനം നിർവഹിച്ചിട്ടുള്ളതും ശ്രീ അനിൽകുമാർ എം. തഹസിൽദാർ അദ്ധ്യക്ഷത വഹിച്ചിട്ടുള്ളതുമാണ് ശ്രീ റോയി പി ഏലിയാസ് (ഡിറ്റി, ഡി.എം) തൊടുപുഴതാലൂക്ക് ഓഫീസ് സ്വാഗതം ആശംസിച്ചു. ദിനാചരണത്തോടനുബന്ധിച്ചുള്ള

പ്രതിജ്ഞ വിദ്യാർത്ഥി പ്രതിനിധികളായ കുമാരി സാറാ ഷാജഹാൻ. കുമാരി നവമി സജീവ് എന്നിവർ ചേർന്ന് വായിച്ചു കേൾപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റ്റി.സി വാസന്തി, പ്രിൻസിപ്പൽ ഇൻ ചാർജ് ശ്രീമതി ബിനിമോൾ ശ്രീധരൻ എന്നിവർ സന്നിഹിതരായിരുന്നു. തൊടുപുഴ അഗ്നിരക്ഷാനസേനയിലെ സീനിയർ ഓഫീസർ ശ്രീ റ്റി.കെ ജയറാം, ഫയർ റ ഓഫീസർ ശ്രീ ബിബിൻ എന്നിവർ ദുരന്ത നിവാരണ ബോധവൽകരണ ക്ലാസ്സും പരിശീലനവും നടത്തി. അടിയന്തര ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രാഥമിക ശുശ്രൂഷകൾ, ദുരന്ത നിവാരണ മാർഗ്ഗങ്ങൾ എന്നിവ വിശദീകരിക്കുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ് പാചകവാതക ചോർച്ചയും അത് തടയുന്നതിനുള്ള മാർഗ്ഗങ്ങളും വിശദീകരിച്ചതിനോടൊപ്പം ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് കുട്ടികളെക്കൊണ്ട് തന്നെ തീ അണച്ച് കാണിച്ചിട്ടുള്ളതാണ് അന്നേ ദിവസം ഉച്ചക്ക് ശേഷം 2 മണി മുതൽ ഡോ.എ.പി.ജെ അബ്ദുൾ കലാം ജി എച്ച്.എസ്.എസിൽ തൊടുപുഴ ഫയർ സ്റ്റേഷൻ ഓഫീസർ ശ്രീ അബ്ദുൾ സലാം പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയിട്ടുള്ളതാണ്. തഹസിൽദാർ, തഹസിൽദാർ എൽ ആർ ഡെപ്യൂട്ടി തഹസിൽദാർ ഡി.എം സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ജയകുമാരി എന്നിവർ സന്നിഹിതരായിരുന്നു.









അന്താരാഷ്ട്ര ദുരന്തലഘൂകരണ ദിനമായ ഒക്ടോബർ 13 രാവിലെ 11.00 മണിക്ക് ഇടുക്കി താലൂക്ക് തല ദുരന്ത നിവാരണ ബോധവൽക്കരണ പരിശീലന പരിപാടി ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വാഴത്തോപ്പിൽ വച്ച് നടത്തിയിട്ടുള്ളതാണ്. മേൽ പരിശീലന പരിപാടിയിൽ വ്യത്യസ്ത ദുരന്തങ്ങളെക്കുറിച്ചും അവയുടെ സാധ്യതാ മുന്നറിയിപ്പുകൾ, ലഘൂകരണ സാദ്ധ്യതകൾ സംബന്ധിച്ച് ശ്രീമതി. മിനി കെ ജോൺ തഹസിൽദാർ (ഭൂരേഖ) യും സ്കൂൾ സുരക്ഷാ അവബോധം, ജല സുരക്ഷ, അഗ്നി സുരക്ഷ, ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം,പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങളിൽ ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥരും ക്ലാസ്സുകൾ നയിച്ചിട്ടുള്ളതും സ്കൂൾ ഗ്രൗണ്ടിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ മോക്ക് ഡ്രിൽ നടത്തിയിട്ടുള്ളതുമാണ്. മേൽ പരിശീലന പരിപാടിയിൽ സ്കൂളിലെ അദ്ധ്യാപകരും കുട്ടികളും അനധ്യാപകരുമടക്കം 120 ഓളം പേർ പങ്കെടുത്തിട്ടുള്ളതാണ്. അന്നേ ദിവസം നടത്തിയ സ്കൂൾ അസംബ്ലിയിൽ വിദ്യാർത്ഥികളിൽ ദുരന്ത നിവാരണ അവബോധം സൃഷ്ടിക്കുന്നതിനായി DDRR സന്ദേശം വായിച്ച് കേൾപ്പിക്കുകയും ചെയ്തു.

അന്താരാഷ്ട്ര ദുരന്തനിവാരണ ദിനമായ 13 /10/2022 തീയതിയിൽ ദുരന്ത നിവാരണ പരിപാടികളിലൂടെ ദുരന്തത്തെ പ്രതിരോധിക്കാൻ അവബോധം സൃഷ്ടിക്കുന്നതിനായി പീരുമേട് താലൂക്കിലെ GHSS കുറ്റിപ്ലാങ്ങാട്, സി.പി.എം ഹയർ സെക്കന്ററി സ്കൂൾ പരുമേട് എന്നീ സ്കൂളുകളിൽ പരിശീലന പരിപാടികൾ നടത്തി. വന്യൂ ഉദ്യോഗസ്ഥർക്കൊപ്പം പോലീസ്, ഫയർ & റമെഡിക്കൽ എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും അന്നേ ദിവസം പരിശീലന പരിപാടിയിൽ പങ്കെടുത്തു.ഒരു അപകടം നടന്നാലുടൻ സ്ഥലത്തെത്തുന്നയാൾ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ എന്തൊക്കെയാണെന്നും അപകടത്തിൽപെട്ടയാളെ ഡോക്ടറുടെ അടുക്കലോ, ആശുപത്രിയിലോ എത്തിക്കുന്നതിനിടയ്ക്ക് പ്രഥമ ശുശ്രൂഷ നൽകേണ്ടതിന്റെ ആവശ്യകതയും, അപകടത്തിൽപെട്ട ഒരാളുടെ ആരോഗ്യ നില അപകടമാകാവുന്ന സന്ദർഭത്തിൽ പ്രഥമ ശുശ്രൂഷ എങ്ങനെ നൽകണമെന്നതിനെ സംബന്ധിച്ചും പീരുമേട് താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.ആനന്ദ് വിശദീകരിച്ചു. തുടർന്ന് ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അഗ്നി സുരക്ഷാ പരിശീലന ക്ലാസ്സുകളും മോക്ക് ഡ്രിൽ രീതികളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.

ഉടുമ്പൻചോല താലൂക്കിൽ ദുരന്ത നിവാരണ പരിപാടികളിലൂടെ സമൂഹത്തിൽ ദുരന്തത്തെ പ്രതിരോധിക്കാനുള്ള  അവബോധം സൃഷ്ടിക്കുന്നതിനായി അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണ ദിനത്തിൽ ജി. എച്ച്. എസ്. എസ് കല്ലാർ, ജി. എച്ച്. എസ്. എസ്. രാജാക്കാട് എന്നീ സ്കൂളുകളിൽ 13/10/22 തീയതി സ്കൂൾ സുരക്ഷാ അവബോധം, ജല സുരക്ഷ അഗ്നി സുരക്ഷ (മോക് ഡ്രില്ലുകൾ) വ്യത്യസ്ത ദുരന്തങ്ങളെക്കുറിച്ചുള്ള പൊതു അവബോധം - ദുരന്ത സാധ്യതാ മുന്നറിയിപ്പുകൾ, മറ്റു ദുരന്ത ലഘൂകരണ സാദ്ധ്യതകൾ, ബേസിക് ലൈഫ് സപ്പോർട്ട് സിസ്റ്റം (BLS) & പ്രഥമ ശുശ്രൂഷ മുതലായ വിഷയങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ഫയർ & റസ്ക്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

*Report prepared by* ***Rajeev T R, Hazard Analyst, DEOC, Idukki***